(ബി) കുറിക്ക് വെരിഫിക്കേഷന്റെ ഭാഗമായി ആരിൽ നിന്നെല്ലാം തെളിവ് എടുക്കുകയുണ്ടായിട്ടുണ്ട്; എന്തെല്ലാം രേഖകൾ പിടിച്ചെടുക്കുകയുണ്ടായിട്ടുണ്ട്;

(സി) അന്വേഷണ സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ മൊഴിയിലൂടെ ആരെങ്കിലും പരാതി പറയുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ?

ഉത്തരം

(എ) പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള ആരോപണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു പ്രാഥമിക അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള Facts and Circumstances-നെ സംബന്ധിച്ച് ഏതാനും ആൾക്കാരുടെ മൊഴി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം നടക്കുന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) കേരള എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ഇപ്പോൾ നടന്നുവരുന്ന വിജിലൻസ് അന്വേഷണം തൃപ്തികരമല്ലെന്നുകാണിച്ച് ശ്രീ. ബിജു രമേശ് വിജിലൻസ് ഡയറക്ടർക്ക് 14-5-2015-ൽ പരാതി സമർപ്പിക്കുകയുണ്ടായി. ടി പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കി അനന്തര നടപടികൾ എടുക്കുവാൻ എറണാകുളം വിജിലൻസ് പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ട്.

നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്

264 (268) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്ന നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പിൽ എത്ര സ്വകാര്യ ഏജൻസികളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഈ ഏജൻസികൾ ഏതെല്ലാം ; വെളിപ്പെടുത്തുമോ ;

(ബി) എത്ര ഏജൻസികൾക്കെതിരെ കേസ് എടുത്തിട്ടുണ്ട് ; ഏജൻസികളുടെ ഉടമകൾ ആരൊക്കെ ; ഇവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത തട്ടിപ്പ് മുഖാന്തിരം പോലീസ് ഏതെങ്കിലും റിക്രൂട്ട്മെന്റ് ഏജൻസി അടപ്പിച്ച് സീൽ വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ അടുത്ത കാലത്തായി നടത്തിയ നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പിൽ 4 സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഷൈൻ അസോസിയേറ്റ്സ്, കോട്ടയം.
2. നിസാ ട്രാവൽസ്, കൊച്ചി സിറ്റി.
3. സേഫ് ട്രാവൽസ്, കൊച്ചി സിറ്റി.
4. സോഗോ ഇന്റർനാഷണൽ, കൊച്ചി സിറ്റി.

(ബി) മേൽപ്പറയുന്ന 4 ഏജൻസികളിലെ ഉടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	സ്ഥാപനം	ഉടമയുടെ പേര്
1	ഷൈൻഅസോസിയേറ്റ്സ്, കോട്ടയം	നിഷാദ്
2	നിസാ ട്രാവൽസ്, കൊച്ചി സിറ്റി	മുഹമ്മദ് അലി
3	സേഫ് ട്രാവൽസ്, കൊച്ചി സിറ്റി	ഷിജു മാത്യു
4	സോഗോ ഇന്റർനാഷണൽ, കൊച്ചി സിറ്റി	എമിൽ കെ. ആന്റണി

(സി) ഇല്ല.

സർവ്വകലാശാല പരീക്ഷകളിലെ കോപ്പിയടി

265 (269) ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വകലാശാല പരീക്ഷകളിലുൾപ്പെടെ കോപ്പിയടി വ്യാപകമായിരിക്കെ, ഇത്തരം കേസ്സുകളിൽ പോലീസ് അന്വേഷണം ഫലപ്രദവും സമയബന്ധിതവുമാക്കാൻ സർക്കാർ തയ്യാറാകുമോ ;

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയ്ക്ക് കോപ്പിയടിച്ചെന്ന് ആരോപണം നേരിടുന്ന ഐ.ജി. ടി. ജെ. ജോസിനെതിരെ സർക്കാർ സ്വീകരിച്ച ശിക്ഷാ നടപടികൾ വിശദമാക്കാമോ ;

(സി) എ.ഡി.ജി.പി.-യുടെ അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly